ഉത്തരം

(എ) — (ഡി) സമഗ്രമായ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് ബില്ലിന് സംസ്ഥാനം രൂപം നൽകിയിട്ടുണ്ട്. ഈ ആക്ട് പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് പ്രത്യേക അതോറിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഒരു സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് ആരംഭിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിലെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയ്ക്കായി ചില പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്.

കേരള ഗ്രീനറി മിച്ചഭൂമി ഏറ്റെടുക്കാൻ നൽകിയ അപേക്ഷ

177 [2615] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ സർവേ നമ്പർ 2423-ൽ 1 മുതൽ 14 വരെയുള്ള 18 ഏക്കർ ഒരു സെന്റ് ഭൂമി സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മിച്ചഭൂമി ലഭിക്കുന്നതിന് ഭൂരഹിതരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) മേൽ സർവ്വേ നമ്പരിൽപ്പെട്ട ഭൂമി, കേരള ഗ്രീനറി എന്ന സംഘടനയ്ക്ക് പാട്ടത്തിന് നൽകാൻ ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് അപേക്ഷിച്ചത്; കേരള ഗ്രീനറി എന്ന സംഘടന എന്താവശ്യത്തിനാണ് ഭൂമി പാട്ടത്തിന് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തനമേഖല ഏതാണെന്നും അറിയിക്കാമോ;

(ഡി) കേരള ഗ്രീനറി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 15-12-2000-ൽ മിച്ചഭൂമിയായി ഏറ്റെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 517; ജില്ലാ കളക്ടർ സ്ഥലം പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം കുത്തനെയുള്ള പാറയായതിനാൽ പതിവിന് അനുയോജ്യമല്ല എന്ന് കണ്ടെത്തി. തുടർന്ന് പതിവ് നടപടികൾ നിർത്തിവച്ചു.

(സി) ഉണ്ട്. ശ്രീ. എസ്. വി. സുഭാഷ്ഘോഷ്, വിദേശ വിനോദസഞ്ചാരികൾക്കു വേണ്ടി ആയുർവേദ ഉഴിച്ചിലും ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തുന്നതിനു വേണ്ടി ഹോട്ടൽ റിസോർട്ട് തുടങ്ങുന്നതിന്. സ്ഥാപനത്തിന്റെ പ്രവർത്തന മേഖല വ്യക്തമല്ല.

(ഡി) പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തിയതിൽ പ്രസ്തുത സ്ഥലം വിതരണയോഗ്യമല്ലാത്തതിനാലും മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലം പാട്ടവ്യവസ്ഥയ്ക്ക് നൽകാൻ നിയമമില്ലാത്തതിനാലും റിസർവ്വ് വനങ്ങളാൽ ചുറ്റപ്പെട്ടതിനാൽ ഹോട്ടൽ റിസോർട്ട് തുടങ്ങുന്നതുവഴി വനത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടും. ആയതിനാൽ വനനശീകരണം തടയുന്നതിനും വനം പരിസ്ഥിതി കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി ടി സ്ഥലം പൊതു ആവശ്യത്തിന് റിസർവ്വ് ചെയ്ത് വനംവകുപ്പിന് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കേരള ഗ്രീനറിക്ക് മറുപടിയും നൽകിയിട്ടുണ്ട്.

ദേവസ്വം ഭൂമി സ്വകാര്യവ്യക്തിയിൽനിന്നും ഒഴിപ്പിക്കൽ

178 [2616] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമല വില്ലേജിൽ ത്രിവിക്രമംഗലം ശ്രീമഹാവിഷ്ണു ക്ഷേത്രം വക സർവ്വേ നമ്പർ 2011-1-ൽപ്പെട്ട ഭൂമിയും അതിനോടു ചേർന്നുള്ള പുറമ്പോക്കു ഭൂമിയും സ്വകാര്യവ്യക്തി കയ്യടക്കിവച്ചിരിക്കുന്നതായുള്ള പരാതി ക്ഷേത്രോപദേശകസമിതി സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തിരുവനന്തപുരം ആർ.ഡി.ഒ.യുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ റവന്യൂ വകുപ്പിന്റെ 20-3-1974-ലെ 43168/പി1/71 ആർ.ഡി.നമ്പർ ഉത്തരവുപ്രകാരം ദേവസ്വം ഭൂമി സ്വകാര്യവ്യക്തിയിൽനിന്നും ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly